# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 01/23 (205th) Meeting of the Syndicate held on 03.02.2023 at 11.00 am at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. പി. ശിവദാസൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. പി.വി. രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. ബിച്ചു എക്സ്. മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ശ്രീ. സാജുകുമാർ എൻ, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് - ഒപ്പ്
13. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
14. ശ്രീമതി. കാഞ്ചന ടി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ഓൺലൈൻ

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

07.12.2022 തീയതിയിലെ 204-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(1) 07.12.2022 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് യോഗതീരുമാന മനുസരിച്ച് അക്കാദമിക് പുനഃസംഘടനയുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ചർച്ച ചെയ്യുന്നതിന് അധ്യാപകർ അനധ്യാപകർ വിദ്യാർഥികൾ എന്നിവരുമായും സർവകലാശാലയിൽ നിന്നും വിരമിച്ച അധ്യാപക - അനധ്യാപകരുമായും നേരിട്ട് സംവദിക്കുകയും അവരുടെ നിർദ്ദേശങ്ങൾ 31.01.2023 തീയതിക്കകം പ്രോ വൈസ് ചാൻസലർക്ക് നേരിട്ടോ restructuring@ssus.ac.in എന്ന ഇ-മെയിലിലേക്കോ സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പ്രതികരണങ്ങൾ റീസ്ട്രക്ച്ചറിംഗ് കമ്മറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതാണ്.

(2) 2022-23 വർഷത്തെ ഐ.സി.എസ്.എസ്.ആർ (ICSSR) ഡോക്ടറൽ ഫെല്ലോഷിപ്പ് സ്കീമിൽ പതിനൊന്നാമത്തെ റാങ്ക് ജ്യോഗ്രഫി വകുപ്പിലെ കുമാരി. അശ്വതിക്കും ഇരുപത്തിരണ്ടാം റാങ്ക് ഹിസ്റ്ററി വകുപ്പിലെ ശ്രീ. ലിജിൻ എം. നും ലഭിച്ചു. കുമാരി. അശ്വതിയേയും ശ്രീ. ലിജിനേയും സർവകലാശാല അഭിനന്ദിക്കുന്നു.

(3) റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കെടുക്കാൻ B.A ഡാൻസ് വിഭാഗത്തിലെ കുമാരി. അശ്വതി എസ്. തെരഞ്ഞെടുക്കപ്പെട്ടു.

(4) മൂന്നാമത് കൈരളി ഗവേഷണ പുരസ്കാരത്തിന് അർഹയായ മലയാള വിഭാഗം പ്രൊഫസർ ഷംഷാദ് ഹുസൈൻ കെ. ടി യെ സർവകലാശാല അഭിനന്ദിക്കുന്നു.

(5) 2023 ജനുവരി മൂന്ന് മുതൽ ഏഴ് വരെ ആന്ധ്രാ പ്രദേശിലെ തിരുപ്പതി പദ്മാവതി മഹിളാ സർവകലാശാലയിൽ വച്ച് നടന്ന മുപ്പത്തി ആറാമത് ഇന്റർ യൂണിവേഴ്സിറ്റി സൗത്ത് സോൺ യൂത്ത് ഫെസ്റ്റിവലിൽ വിവിധ ഇനങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയ എല്ലാവരെയും അഭിനന്ദിക്കുന്നു. കൂടാതെ ഡാൻസ് ഇനങ്ങളിൽ നമ്മുടെ സർവകലാശാല ചാമ്പ്യൻസ് പട്ടം നേടുകയും ചെയ്തു.

(6) കേരള ലളിത കല അക്കാദമിയുടെ ഈ വർഷത്തെ ആർട്ട് സ്റ്റുഡന്റ് സ്കോളർഷിപ്പിന് അർഹരായ രണ്ടാം വർഷ എം.എഫ്.എ വിദ്യാർഥിനികളായ അഞ്ജന ടി., മൃദുല പി. എന്നിവരും നാലാം വർഷ ബി.എഫ്.എ. വിദ്യാർത്ഥികളായ നന്ദു കൃഷ്ണൻ പി. എസ്, അബിൻ കെ. എ എന്നിവരെ അഭിനന്ദിക്കുന്നു.

(7) കേരള കലാമണ്ഡലത്തിൽ ജനുവരി 26 മുതൽ 30 വരെ നടന്ന നിള ദേശീയോത്സവത്തോടനുബന്ധിച്ച് സംസ്കൃത സർവകലാശാല പെയിന്റിംഗ് വിഭാഗം 'തിരനോട്ടം' എന്ന പേരിൽ ഒരു ദൃശ്യ കലാപ്രദർശനം സംഘടിപ്പിച്ചിരുന്നു.

(8) ഫെബ്രുവരി ഒന്ന് മുതൽ അഞ്ചു വരെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഡ്രാമയിൽ വച്ച് നടക്കുന്ന പ്രഥമ അന്താരാഷ്ട്ര തീയറ്റർ സ്കൂൾ ഉത്സവത്തിന്റെ ഭാഗമായി നടത്തുന്ന വർക്ക്ഷോപ്പിൽ സർവകലാശാലയിലെ തീയറ്റർ വിഭാഗം വിദ്യാർഥികൾ പങ്കെടുക്കുന്നുണ്ടെന്നും അത് അവരുടെ അക്കാദമിക വികാസത്തിന് മുതൽക്കൂട്ടാവുകയും ചെയ്യുമെന്ന് റിപ്പോർട്ട് ചെയ്യുന്നു.

(9) സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

(10) ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അധ്യാപകരിൽ പ്രൊഫഷണൽ സമീപനം

വികസിപ്പിക്കുന്നതിനും ലക്ഷ്യം വച്ച് കൊണ്ട് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഹയർ സെക്കന്ററി വിഭാഗം) ആസൂത്രണം ചെയ്ത 'ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം' (HSSTP) ന്റെ ഭാഗമായി സോഷ്യോളജി വിഷയത്തിൽ ഹയർ സെക്കന്ററി അധ്യാപകർക്ക് 10 ദിവസത്തെ പരിശീലനം സർവകലാശാല സോഷ്യോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സർവകലാശാലാ ആസ്ഥാനത്ത് വച്ച് 2023 ജനുവരി 20 മുതൽ 29 വരെ നടത്തുകയുണ്ടായി. സർവകലാശാലയിലെ അക്കാദമിക, ഭൗതിക, സാങ്കേതിക സൗകര്യങ്ങൾ, അധ്യാപകരുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിന് 18,000/- രൂപ കൺസൾട്ടൻസി ഫീസ് ഇനത്തിൽ സർവകലാശാലയ്ക്ക് ലഭിച്ചു.

(11) സർവകലാശാലയിലെ മോഹിനിയാട്ടം വിഭാഗത്തിന്റെ കീഴിൽ 6 മാസത്തെ സർട്ടിഫിക്കറ്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 2,00,000/- രൂപ ഫീസ് ഇനത്തിൽ ലഭിക്കുകയും അതുവഴി സർവകലാശാലയ്ക്ക് ആഭ്യന്തരവരുമാന ഇനത്തിൽ ഭേദപ്പെട്ട ഒരു തുക കിട്ടുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## **Item No. 2**

Award of Ph.D Degree

a) Smt. Siji C.K in Sanskrit Nyaya [No. EA/PhD/709/SSUS/2021(1)]
b) Sri. Akshay Kumar K.G in Sanskrit Sahitya [No. EA/PhD/710/SSUS/2021(1)]
c) Smt. Neethu C Subrahmanian in Malayalam [No. EA/PhD/722/SSUS/2021(1)]
d) Sri. Muraleedharan K.V in Malayalam [No. EA/PhD/727/SSUS/2022(1)]
e) Sri. Vijay Francis in Philosophy [No. EA/PhD/721/SSUS/2021(1)]
f) Smt. Sainaba A. in Comparative Literature [No. EA/PhD/669/SSUS/2020(1)]
g) Smt. Sandhya V. in Malayalam [No. EA/PhD/714/SSUS/2021(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on

23.01.2023, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| 1. | Smt. Siji C.K | Faculty of Indian Logic | 22.12.2022 |
| 2. | Sri. Akshay Kumar K.G | Faculty of Sanskrit Literature | 08.12.2022 |
| 3. | Smt. Neethu C Subrahmanian | Faculty of Indian Languages | 15.12.2022 |
| 4. | Sri. Muraleedharan K.V | Faculty of Indian Languages | 15.12.2022 |
| 5. | Sri. Vijay Francis | Faculty of Arts and Social Sciences | 05.12.2022 |
| 6. | Smt. Sainaba A. | Faculty of Indian Languages | 22.12.2022 |
| 7. | Smt. Sandhya V. | Faculty of Indian Languages | 16.12.2022 |

1. Smt. Siji C.K. in Sanskrit Nyaya under the Faculty of Indian Logic for the Ph.D thesis titled **“Vaiśeṣikasūtrarasāyana – A Study”** under the guidance of Dr. S. Sivakumar, Assistant Professor, Department of Sanskrit Nyaya, SSUS, RC, Thiruvananthapuram.

2. Sri. Akshay Kumar K.G in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Origin and Development of Tāla – A Socio Cultural Analysis Based on Sanskrit Sources”** under the guidance of Dr. C.K. Jayanthi, Associate Professor, Department of Sanskrit Sahitya, SSUS, RC, Tirur.

3. Smt. Neethu C Subrahmanian in Malayalam under the Faculty of Indian Languages for the Ph.D thesis titled **“ചങ്ങമ്പുഴ: പാരായണങ്ങളുടെ പ്രത്യയശാസ്ത്രം”** under the guidance of Dr. Sushama L., Professor, Department of Malayalam, SSUS, RC, Tirur.

4. Sri. Muraleedharan K.V. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“ആധുനികവിജ്ഞാനഭാഷയുടെ**

**രൂപീകരണം - ആദ്യകാല മലയാളമാസികകളിലെ ശാസ്ത്രവ്യവഹാരങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം"** under the guidance of Dr. Sushama L., Professor, Department of Malayalam, SSUS, RC, Tirur.

5. Sri. Vijay Francis in Philosophy under the Faculty of Arts and Social Sciences for the Ph.D thesis titled **"Alterity in Levinas as a Feminine Experience: A Study"** under the guidance of Dr. Abey Koshy, Professor, Department of Philosophy, SSUS, Kalady.

6. Smt. Sainaba A in Comparative Literature under the Faculty of Indian Languages for the Ph.D thesis titled **"Images of Tradition and Modernity in the Novels of Jaishree Misra and Manju Kapur"** under the guidance of Dr. S. Preeya, Professor, Department of Malayalam, SSUS, MC, Kalady.

7. Smt. Sandhya V. in Malayalam under the Faculty of Indian Languages for the Ph.D thesis titled **"മലയാള കവിതയിലെ പാരിസ്ഥിതികാവബോധം കാല്പനികതയിലും പ്രതികാല്പനികതയിലും: പി. കുഞ്ഞിരാമൻ നായർ, എൻ.വി. കൃഷ്ണവാരിയർ എന്നിവരുടെ കവിതകളെ മുൻനിർത്തി ഒരു പഠനം"** under the guidance of Dr. Asaletha V., Professor, Department of Malayalam, SSUS, RC, Ettumanoor.

## Item No. 3

ഒക്ടോബർ 2017 ൽ നടന്ന 5-ാം സെമസ്റ്റർ ബി.എ. സംസ്കൃതം ജനറൽ പരീക്ഷയിൽ നടന്ന ക്രമക്കേട് - സംബന്ധിച്ച്. (No. E.C/4905/SSUS/2018)

പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് അടുത്ത സിൻഡിക്കേറ്റിന് മുമ്പാകെ സമർപ്പിക്കാൻ പരീക്ഷാ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 4

കാലടി മുഖ്യകേന്ദ്രം 2017 അഡ്മിഷൻ ബി.എ. ഭരതനാട്യം വിദ്യാർത്ഥിനികളുടെ 5-ാം സെമസ്റ്ററിലെ തിയറി/പ്രാക്ടിക്കൽ റീ -അപ്പിയറൻസ് - സംബന്ധിച്ച്. (No. 00513/Acd.B2/SSUS/2022 (1))

ഭരതനാട്യം വിഭാഗം വകുപ്പ് മേധാവിയുടെ ശിപാർശയും 23.01.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശയും പരിഗണിച്ച് 2017 അഡ്മിഷൻ ബി.എ. ഭരതനാട്യം വിഭാഗം വിദ്യാർത്ഥിനികളായ അഭിരാമി പി.ആർ (17KA01DB31), അഭിരാമി ഗോപി (17KA01DB14), സുരഭി സി (17KA01DB16), മഹാലക്ഷ്മി പി. മാണി (17KA01DB28) എന്നിവർക്ക് 5-ാം സെമസ്റ്ററിലെ VB116Bh എന്ന പ്രാക്ടിക്കൽ വിഷയം റീ-അപ്പിയർ ചെയ്യുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No.5

കാലടി മുഖ്യകേന്ദ്രം 2017 പ്രവേശനം ബി.എ ഭരതനാട്യം വിദ്യാർത്ഥിനി അഭിരാമി പി.ആർ 5 - ാം സെമസ്റ്ററിലെ VB117Bh-Methodology Specific to Area of Bharathanatyam എന്ന വിഷയം റീ-അപ്പിയർ ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്. [No. 00108/Acd.B2/SSUS/2022(1)]

ഭരതനാട്യം വിഭാഗം ടീച്ചർ ഇൻ ചാർജിന്റെ ശിപാർശയുടെയും സമർപ്പിക്കപ്പെട്ട മെഡിക്കൽ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കാലടി മുഖ്യകേന്ദ്രം 2017 പ്രവേശനം ബി.എ ഭരതനാട്യം വിദ്യാർത്ഥിനി അഭിരാമി പി.ആർ -ന് 5 - ാം സെമസ്റ്ററിലെ VB117Bh-Methodology Specific to Area of Bharathanatyam എന്ന വിഷയം റീ-അപ്പിയർ ചെയ്യുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 6

SPC (Student Police Cadets) പദ്ധതിയിൽ അംഗമായിരുന്ന ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ബിരുദ പ്രവേശനത്തിന് വെയിറ്റേജ് / റിസർവേഷൻ നൽകുന്നത് - സംബന്ധിച്ച്. [No. 00388/ Acd.B2/ SSUS/2022(1)]

SPC (Student Police Cadet) പദ്ധതിയിൽ അംഗമായിട്ടുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ സർവകലാശാലയുടെ ബിരുദ പ്രവേശനത്തിന് യാതൊരുവിധ

റിസർവേഷനോ/വെയിറ്റേജോ അനുവദിക്കാത്ത സാഹചര്യത്തിൽ 30.09.2022 തീയതിയിലെ മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി നൽകിയ കത്ത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 23.01.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് SPC ൽ അംഗമായിട്ടുള്ള വിദ്യാർത്ഥികൾക്ക് ബിരുദ പ്രവേശനത്തിന് കാലിക്കറ്റ്, കേരള സർവകലാശാലകളിൽ നടപ്പിൽ വരുത്തിയ റിസർവേഷൻ സംബന്ധിച്ച താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം വെയിറ്റേജ് നൽകാൻ തീരുമാനിച്ചു.

1. A weightage of 15 marks will be given to SPC (Student Police Cadet) certificate holders for the purpose of ranking. The candidates who have attended SPC during the academic year of the qualifying examination i.e Plus Two only will be eligible for the bonus mark.

2. For awarding bonus mark to SPC, the certificate signed by the competent authority shall be submitted. (Rajya Puraskar and Nanmamudra Certificates are only be accepted.)

3. The applicant need to produce relevant certificate in original for the claiming bonus mark at the time of admission.

4. The benefit of bonus mark for the purpose of admission can be availed of by the candidates only under anyone category either NSS or NCC or SPC.

## **Item No. 7**

2017 ബി.എ. മ്യൂസിക് വിദ്യാർത്ഥിയായിരുന്ന ഐദിത് സെൻ പി.എൻ (17KA01MU08) ന്റെ 5-ാം സെമസ്റ്ററിലെ ഇന്റേണൽ പരീക്ഷകൾ വീണ്ടും നടത്തുന്നത് - സംബന്ധിച്ച്. [No. 00448/Acd.B2/SSUS/2022(1)]

23.01.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2017 ബി.എ. മ്യൂസിക് വിദ്യാർത്ഥിയായിരുന്ന ഐദിത് സെൻ

പി.എൻ (17KA01MU08) -ന് കോഴ്സ് കാലാവധി കഴിഞ്ഞ 5-ാം സെമസ്റ്ററിലെ പേപ്പർ I (VB115Mu-Krities and Varnams II), പേപ്പർ II (VB115Mu-Krities and Varnams III), എന്നീ വിഷയങ്ങളുടെ ഇന്റേണൽ പരീക്ഷകൾ സർവകലാശാല തീരുമാനിക്കുന്ന ഫീസ് ഈടാക്കി വീണ്ടും നടത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 8

പ്രബന്ധ സമർപ്പണ കാലാവധി 31.12.2022 ന് അവസാനിച്ച ഗവേഷകരുടെ (2014-2015 രജിസ്ട്രേഷൻ) പ്രബന്ധ സമർപ്പണ കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്. (No. Acd.A1/930/SSUS/2014)

23.01.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, 2014-2015 രജിസ്ട്രേഷൻ ഗവേഷകർക്ക് സ്വാഭാവിക കാലാവധിയ്ക്ക് ഉപരിയായി ഒരു വർഷ കാലയളവ് അനുവദിച്ച് 31.12.2023 വരെ പ്രബന്ധ സമർപ്പണ കാലാവധി ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ചു.

## Item No. 9

2022 യുജിസി റഗുലേഷൻ സർവകലാശാലയിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ 2017 റഗുലേഷൻ ബാധകമായ നിലവിൽ ഗവേഷണം തുടരുന്ന ഗവേഷകർക്ക് പ്രസ്തുത റഗുലേഷൻ ബാധകമാകുന്നത് - സംബന്ധിച്ച്. (No.Acd.A1/16677/SSUS/2018)

2022 U.G.C വിജ്ഞാപനം 07.11.2022 മുതൽ പ്രാബല്യത്തിൽ വന്നതിനാലും ടി വിജ്ഞാപന പ്രകാരം പബ്ലിക്കേഷൻ നിർബന്ധമല്ലാത്തതിനാലും ശ്രീമതി. സൈലേഷ്യ ജി യുടെ അപേക്ഷ പരിഗണിച്ച് 2022 ലെ പുതിയ യുജിസി റെഗുലേഷൻ ബാധകമാക്കി പ്രബന്ധ സമർപ്പണത്തിനുള്ള അർഹതയ്ക്ക് ISSN നമ്പറിലുള്ള പ്രസിദ്ധീകരണം വേണമെന്ന നിബന്ധനയിൽ നിന്നും ടി ഗവേഷകയെ ഒഴിവാക്കാൻ തീരുമാനിച്ചു. കൂടാതെ യുജിസി, റെഗുലേഷനിൽ പ്രസ്തുത മാറ്റം വരുത്തിയതിനാൽ സംസ്കൃത സർവകലാശാല റഗുലേഷനിൽ ഇത് ഉൾപ്പെടുത്താനും തീരുമാനിച്ചു.

## Item No. 10

ബിരുദ കോഴ്സുകളിലേക്കുള്ള ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് - സംബന്ധിച്ച്. (No. Acd.C2/8998/SSUS/2022)

ബിരുദ കോഴ്സുകളിലേക്കുള്ള ഉയർന്ന പ്രായപരിധി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ രൂപീകരിക്കാൻ അക്കാദമിക് & റിസർച്ച് കമ്മറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 11

പൊസിഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് - സംബന്ധിച്ച്. (No. 4564/Exam C/SSUS/2018)

23.01.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, പുനർമൂല്യ നിർണ്ണയ ഫലപ്രഖ്യാപനത്തിന് ശേഷമുള്ള അന്തിമ ഫലം പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രം പൊസിഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുക എന്ന രീതിയിൽ പൊസിഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ ഇതു സംബന്ധിച്ച ഫീസ് നിശ്ചയിക്കാൻ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 12

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ മലയാളം വകുപ്പ് അസിസ്റ്റന്റ് പ്രൊഫസറും ക്യാമ്പസ് ഡയറക്ടറുമായിരുന്ന ഡോ. എ.എസ്. പ്രതീഷ് - ന്റെ സസ്പെൻഷൻ തീയതി സിൻഡിക്കേറ്റ് തീരുമാനത്തിൽ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തുന്നത് - സംബന്ധിച്ച്. [No. 00057/Ad.A3/SSUS/2022(1)]

12.10.2022 ലെ 203-ാമത് സിൻഡിക്കേറ്റ് യോഗ നടപടി ചുരുക്കം അഡീഷണൽ അജണ്ട ഇനം നമ്പർ 4 ൽ “30.09.2022 ന് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും" എന്ന് തെറ്റായി രേഖപ്പെടുത്തിയത്

“03.09.2022 ന് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും" എന്ന് തിരുത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 13

Distinguished Lecture Series മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Acd.C1/5845/SSUS/2022)

Distinguished Lecture Series പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതി ശ്രദ്ധിച്ചു.

## Item No. 14

ഹിന്ദി ഗവേഷണ പഠന വകുപ്പിലെ 01.01.2008 രജിസ്ട്രേഷൻ പാർട്ട് ടൈം ഗവേഷകയായ സിന്ധു സി.കെ.യുടെ 23.08.2022 തീയതിയിലെ (07/22) 202-ാമത് സിൻഡിക്കേറ്റ് അഡീഷണൽ അജണ്ട ഐറ്റം നമ്പർ 11 പ്രകാരമുള്ള സിൻഡിക്കേറ്റ് തീരുമാനം സാധൂകരിക്കുന്നത് - സംബന്ധിച്ച്. (No. Acd.A1/245/SSUS/2008)

ക്യാൻസർ രോഗ ബാധിതയായ ഹിന്ദി ഗവേഷണ പഠന വകുപ്പിലെ 01.01.2008 രജിസ്ട്രേഷൻ പാർട്ട് ടൈം ഗവേഷകയായ സിന്ധു സി.കെ. യ്ക്ക് പൂർണ്ണമായി സമർപ്പണ ഫീസിൽ ഇളവ് നൽകുകയും പ്രബന്ധ സമർപ്പണത്തിന് അനുമതി നൽകുകയും ചെയ്ത ബഹു വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 15

കൺസൾട്ടൻസി ഇനത്തിലെ തുക വകയിരുത്തുന്നതിനായി ബജറ്റിൽ പുതിയ ശീർഷകം ഉൾക്കൊള്ളിച്ചത് - സാധൂകരണം - സംബന്ധിച്ച്. (No. 17355/Fin & Accts/SSUS/2021)

നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിലെ നോൺ പ്ലാൻ വിഭാഗത്തിലെ വരവിനത്തിൽ ജനറൽ അഡ്മിനിസ്ട്രേഷൻ എ. വിഭാഗത്തിൽ "01319-01 Consultancy Fees" എന്ന ബജറ്റ് ശീർഷകം ഉൾക്കൊള്ളിക്കുന്നതിന് അനുമതി നൽകിയ ബഹു വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 16

കുമാരി. എൽസ ജോസഫിന് ഗ്രേസ് മാർക്ക് അനുവദിച്ചതുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്തിയ സമിതി - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. SWC/2767/SSUS/2016)

ബി.എ. ഭരതനാട്യം വിദ്യാർത്ഥിനി കുമാരി. എൽസ ജോസഫിന് ഗ്രേസ് മാർക്ക് അനുവദിച്ചതുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്തുന്നതിന് രൂപീകരിച്ച അന്വേഷണ കമ്മറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കാൻ തീരുമാനിച്ചു. യൂണിയൻ ഫണ്ട് കൈമാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗൈഡ്‌ലൈൻ തയ്യാറാക്കാൻ Students Welfare Committee യെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

കൂടാതെ സർവകലാശാല യൂണിയൻ കലോത്സവവുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, ജഡ്ജ്മെന്റ്, റിസൾട്ട് രജിസ്റ്ററുകൾ തുടങ്ങിയവ DSS-ന്റെ മേൽനോട്ടത്തിൽ അധ്യാപകർ കൃത്യതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കാനും തീരുമാനിച്ചു.

## Item No. 17

സർവകലാശാലയിലെ നാടക വിഭാഗത്തിന് 13-ാമത് International Theatre Festival of Kerala (ITFOK) യിൽ പങ്കെടുക്കുന്നതിനും പ്രോഗ്രാം അവതരിപ്പിക്കുന്നതിനും അനുമതി നൽകിയതിന്റെ സാധൂകരണം - സംബന്ധിച്ച്. (No. Acd.C1/15253/SSUS/2022)

സർവകലാശാലയിലെ നാടക വിഭാഗത്തിന് 13-ാമത് International Theatre Festival of Kerala (ITFOK) യിൽ പങ്കെടുക്കുന്നതിനും പ്രോഗ്രാം അവതരിപ്പിക്കുന്നതിനും അനുമതി നൽകുകയും പ്രസ്തുത പ്രോഗ്രാമിനായി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ) ഫെസ്റ്റിവൽ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് നൽകുന്നതിനായി നാടക വിഭാഗം മേധാവി ശ്രീ. കൃഷ്ണകുമാർ കെ.കെ.യ്ക്ക് അനുവദിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 18

റീ - അപ്പിയറൻസ് അനുമതി അംഗീകരിക്കുന്നത് - സംബന്ധിച്ച്. [No. 00676/Acd.B2/SSUS/2022(2)]

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം 2021 പ്രവേശനം Diploma in Ayurveda Panchakarma and International Spa Therapy വിദ്യാർത്ഥിനിയായിരുന്ന ആദിത്യ രാജൻ (21ET12AP04) - ന് പ്രാദേശിക കേന്ദ്രം ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2022-23 ബാച്ച് വിദ്യാർത്ഥികൾക്കൊപ്പം 2-ാം സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ അനുവാദം നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 19

31.12.2022 നകം പ്രബന്ധം സമർപ്പിക്കാത്ത 2012 റഗുലേഷൻ ബാധകമായ ഗവേഷണ കാലാവധി അവസാനിച്ച ഗവേഷകരുടെ പ്രബന്ധ സമർപ്പണ അപേക്ഷകളിൽ തീർപ്പ് കല്പിക്കുന്നത് - സംബന്ധിച്ച്. (No. Acd.A1/1108/SSUS/2014)

31.12.2022 നകം പ്രബന്ധം സമർപ്പിക്കാത്ത 2012 റഗുലേഷൻ ബാധകമായ ഗവേഷണ കാലാവധി അവസാനിച്ച ഗവേഷകർക്ക് 25,000/- രൂപ ഫീസ്

ഈടാക്കി 2023 ഡിസംബർ 31 വരെ ഗവേഷണ കാലാവധി ദീർഘിപ്പിച്ച് നൽകാൻ തീരുമാനിച്ചു.

## ADDITIONAL AGENDA

## Item No. 1

കെ.എസ്.ആർ ഭാഗം 1, അനുബന്ധം 12 A പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്കു ശേഷം സേവനത്തിൽ പുന:പ്രവേശിക്കാതിരുന്ന കാലടി മുഖ്യകേന്ദ്രം സോഷ്യൽ വർക്ക് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ബൈജു പി.വി. യെ സേവനത്തിൽ നിന്നും നീക്കം ചെയ്യണമോ എന്ന തീരുമാനിക്കുന്നത് - സംബന്ധിച്ച്. [No. Ad.A3/9357/SSUS/2012 (S.F)]

നിയമാനുസൃതമായ കാര്യങ്ങൾ മുഴുവനും പാലിച്ചുകൊണ്ട് കാലടി മുഖ്യകേന്ദ്രം സോഷ്യൽ വർക്ക് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ബൈജു പി.വി. യുടെ സേവനം അവസാനിപ്പിക്കാൻ തീരുമാനിച്ചു.

## Item No. 2

പരേതനായ ഓഫീസ് അറ്റൻഡന്റ് ശ്രീ. ബിജു എം.പി. യുടെ പങ്കാളി ശ്രീമതി. മിനി എം.ടി യുടെ ആശ്രിത നിയമന അപേക്ഷ - സംബന്ധിച്ച്. (No. Ad.B/13746/SSUS/2011)

പരേതനായ ഓഫീസ് അറ്റൻഡന്റ് ശ്രീ. ബിജു എം.പി. യുടെ പങ്കാളി ശ്രീമതി. മിനി എം.ടി യുടെ ആശ്രിത നിയമന അപേക്ഷ തല്ക്കാലം പരിഗണിക്കേണ്ടതില്ല എന്നും നിയമാനുസൃതമായ 5 % വേക്കൻസി പരിധിയിൽ വരുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണെന്നും തീരുമാനിച്ചു.

## Item No. 3

തിരൂർ പ്രാദേശിക കേന്ദ്രം ചരിത്ര വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഷെഫി എ.ഇ യുടെ സർ സയ്യിദ് കോളേജ്, തളിപ്പറമ്പ് - ലെ മുൻ സേവന കാലയളവ് പരിഗണിച്ച് ശമ്പള സംരക്ഷണം അനുവദിച്ച് നൽകണമെന്ന അപേക്ഷ പരിഗണിക്കണമോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. Ad.A3/14891/SSUS/2022)

ലാസ്റ്റ് പേ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഡോ. ഷെഫി എ.ഇ യുടെ ശമ്പളം ഈ സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ സംരക്ഷിച്ച് നൽകാൻ തീരുമാനിച്ചു.

## Item No. 4

അധിക ചുമതല നിർവ്വഹിക്കുന്ന പാർട്ട് ടൈം സ്വീപ്പർ ജീവനക്കാർക്ക് നൽകിവരുന്ന അധികവേതനം പരിഷ്കരിക്കുന്നതു - സംബന്ധിച്ച്. (No. Ad.B/1719/SSUS/2021)

സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രസ്തുത വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

## Item No.5

Payment of Advocate fee for senior engagement in the Honb’le Supreme Court of India – SLP 22632/17 – reg. (No. LGLS/15314/2012/SSUS)

Considering the recommendations of Staff & Legal Committee on 30.01.2023 and Finance Committee on 01.02.2023, the Syndicate resolved to approve the payment of Rs. 1,58,000/- to Adv. Sri. P.V. Surendranath, Senior Advocate towards Advocate fee for senior engagement in the Honb’le Supreme Court of India for appearing SLP No. 22632/17.

## Item No. 6

2020-21 എ.ജി. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി സിൻഡിക്കേറ്റിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. I.A/15600/A.G.Audit 2020-21/SSUS/2021)

01.02.2023 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2020-21 സാമ്പത്തിക വർഷത്തെ എ.ജി. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് വിവിധ വിഭാഗങ്ങളിൽ നിന്നും ലഭ്യമാക്കി ക്രോഡീകരിച്ച് തയ്യാറാക്കിയ മറുപടി എ.ജി. ക്ക് സമർപ്പിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

## Item No. 7

30.09.2022 തീയതിയിലെ ലൈബ്രറി അഡ്വൈസറി കമ്മിറ്റി യോഗതീരുമാനത്തിന്റെ നടപടിച്ചുരുക്കവും 2022-ലെ ലൈബ്രറി Purchase Procedure – അംഗീകരിക്കലും സംബന്ധിച്ച്. (No. SSUS/9899/Lib/2022)

01.02.2023 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2022-23 കാലഘട്ടത്തിൽ സർവകലാശാലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട 30.09.2022 തീയതിയിലെ ലൈബ്രറി അഡ്വൈസറി കമ്മിറ്റി യോഗതീരുമാനങ്ങളും താഴെ സൂചിപ്പിക്കുന്ന ഭേദഗതിയോടെ ലൈബ്രറി Purchase Procedure - 2022 ഉം അംഗീകരിക്കാൻ തീരുമാനിച്ചു.

1. ക്രമ നമ്പർ 10 ൽ RBI Rate എന്നതിനു പകരം GOC Rate എന്നാക്കി മാറ്റുക.
2. ക്രമ നമ്പർ 13(a) പ്രകാരമുള്ള സാക്ഷ്യപത്രത്തിലെ RBI Rate എന്നതിനു പകരം GOC Rate എന്നാക്കി മാറ്റുക.

പുറത്തുനിന്നും വായനക്കായി ലൈബ്രറിയിൽ വരുന്ന വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന തുക ഒരു ദിവസത്തേയ്ക്ക് 10/- രൂപ എന്നത് 20/- രൂപയാക്കി വർദ്ധിപ്പിക്കാനും തീരുമാനിച്ചു.

ഗ്രാജുവേറ്റ് മെമ്പർഷിപ്പ് നടപ്പിലാക്കുന്നതിന് അതുമായി ബന്ധപ്പെട്ട നിയമാവലി തയ്യാറാക്കാൻ ലൈബ്രറി & പബ്ലിക്കേഷൻ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 8

സർവകലാശാല പരീക്ഷകളുടെ ഉത്തരക്കടലാസുകൾ പോസ്റ്റൽ വകുപ്പുമായി ചേർന്നുകൊണ്ട് അയക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നത് - സംബന്ധിച്ച്. (No.E.A./11348/SSUS/2012)

01.02.2023 ന് ചേർന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാല പരീക്ഷകളുടെ ഉത്തരക്കടലാസുകൾ അയക്കുന്നതുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് വരുന്ന ചെലവുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## Item No. 9

സർവകലാശാലയിൽ നിന്നും വിരമിച്ച അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണ കുടിശിക നൽകുന്നത് - സംബന്ധിച്ച്. (No. Bill B/1701/Misc/SSUS/2017)

01.02.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പെൻഷൻ പരിഷ്ക്കരണ കുടിശിക അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 10

സർവകലാശാലയിലെ സൗപർണ്ണിക ഹോസ്റ്റലിൽ വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന ഭാഗത്ത് റൂഫ് വർക്ക് ചെയ്യുന്നത് - സംബന്ധിച്ച്. (No. Engg / 9085/SSUS/2022)

30.01.2023 ന് ചേർന്ന വർക്സ് & പർച്ചേസ് സ്ഥിരം സമിതിയുടെയും 01.02.2023 ന് ചേർന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് സർവകലാശാലയിലെ സൗപർണ്ണിക ഗവേഷക ബോയ്സ് ഹോസ്റ്റലിൽ വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന ഭാഗം റൂഫ് വർക്ക് ചെയ്യുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ള 3,50,000/- രൂപയുടെ (ജി.എസ്.ടി. അടക്കം) എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുക.
2. സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുക.
3. ദർഘാസുകൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുക.

## Item No. 11

സർവകലാശാലാ മുഖ്യ കേന്ദ്രത്തിലെ ലാംഗ്വേജ് ബ്ലോക്കിലെ സീലിംഗ് ബലപ്പെടുത്തൽ പ്രവൃത്തി - സംബന്ധിച്ച്. (No. Engg/8406/SSUS/2022)

30.01.2023 ന് ചേർന്ന വർക്സ് & പർച്ചേസ് സ്ഥിരം സമിതിയുടെയും 01.02.2023 ന് ചേർന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് സർവകലാശാലാ മുഖ്യ കേന്ദ്രത്തിലെ ലാംഗ്വേജ് ബ്ലോക്കിലെ സീലിംഗ് ബലപ്പെടുത്തൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. മരപ്പട്ടി പോലുള്ള ജീവികൾ സീലിംഗിലേക്ക് കയറുന്നത് തടയുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ നെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കൂടി

ഉൾപ്പെടുത്തി 8,40,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുക.

2. സാങ്കേതികാനുമതി നൽകുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുക.

3. ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുക.

## Item No. 12

സർവകലാശാലയിൽ പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കലും തകരാറിലായവ റിപ്പയർ ചെയ്യുന്നതും - സംബന്ധിച്ച്. (No. Eng/16127/SSUS/2019)

01.02.2023 ന് ചേർന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയിൽ പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കലും തകരാറിലായവ റിപ്പയർ ചെയ്യുന്നതുമായ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. സർവകലാശാലയിലെ മലയാറ്റൂർ റോഡിന് സമീപമുള്ള ഗേറ്റ് മുതൽ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം വരെയുള്ള റോഡിൽ പുതിയ സ്ട്രീറ്റ് ലൈറ്റ് പോളുകൾ സ്ഥാപിക്കുന്നതിനും സർവകലാശാലയിലെ മറ്റിടങ്ങളിലെ തകരാറിലായ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിനുമായി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തയ്യാറാക്കി സമർപ്പിച്ച 16,09,408/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുക.

2. സാങ്കേതികാനുമതി നൽകുന്നതിനായി സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുക.

3. ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുക.

## Item No. 13

ഹരിത കേരളം - സർവകലാശാല മുഖ്യകേന്ദ്രത്തിൽ ഖരമാലിന്യ സംസ്കരണത്തിനുള്ള ഇൻസിനെറേറ്റർ സ്ഥാപിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. 7700/Est2/SSUS/2018)

30.01.2023 ന് ചേർന്ന വർക്സ് & പർച്ചേസ് സ്ഥിരം സമിതിയുടെയും 01.02.2023 ന് ചേർന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സർവകലാശാല മുഖ്യ കേന്ദ്രത്തിൽ ഖരമാലിന്യ സംസ്കരണത്തിനുള്ള ഇൻസിനെറേറ്റർ സ്ഥാപിക്കുന്നതിന് 2,20,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കാൻ തീരുമാനിച്ചു. ഇൻസിനെറേറ്റർ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന അനുയോജ്യനായ ഒരു ജീവനക്കാരനെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുന്നതിന് സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 14

സർവകലാശാലയിലെ ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള 2 UPS കളുടെ പ്രവർത്തനരഹിതമായ 26 ബാറ്ററികൾ ബൈ ബാക്ക് വ്യവസ്ഥയിൽ മാറ്റി സ്ഥാപിക്കുന്നതിന് സിൻഡിക്കേറ്റിന്റെ അംഗീകാരം ലഭിക്കുന്നത് - സംബന്ധിച്ച്. (No. Est3/14346/SSUS/2022)

01.02.2023 ന് ചേർന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയിലെ ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള 2 UPS കളുടെ പ്രവർത്തനരഹിതമായ പഴയ ബാറ്ററികൾ ബൈ ബാക്ക് വ്യവസ്ഥയിൽ മാറ്റി കൂടുതൽ പവർ ശേഷിയുള്ള (130Ah, 12V, SMF-AMARON, QUANTA) പുതിയ 26 ബാറ്ററികൾ വാങ്ങുന്നതിന് താഴെ പറയുന്ന പ്രകാരം അനുമതി നൽകാനും അതിനായി 3,12,000/- രൂപ അനുവദിക്കാനും തീരുമാനിച്ചു.

| Sl.No. | Specification | Quantity | Rate | Amount |
|---|---|---|---|---|
| 1 | Supply and installaton of 130Ah, 12V, quanta SMF Battery for UPS application, 2 Year Warranty | 26 Nos | 14500/- | 377000/- |
| 2 | Buy Back Battery 100Ah, 12V, quanta SMF Battery | 26 Nos | 2500/- | 65000/- |
| | | | **Net Amount** | 312000/- |

## Item No. 15

ദളിത് ബന്ധു എൻ.കെ ജോസിന്റെ പുസ്തകങ്ങളും വൈജ്ഞാനിക ശേഖരങ്ങളും ഏറ്റെടുക്കുന്നതിനും, വാർഷിക പ്രഭാഷണം ചരിത്രവിഭാഗത്തിൽ സംഘടിപ്പിക്കുന്നതിനും അനുമതി നൽകുന്നത് - സംബന്ധിച്ച്. (No. Acd.C1/220/SSUS/2023)

പ്രശസ്ത ചരിത്രകാരനും എഴുത്തുകാരനുമായ ദളിത് ബന്ധു എൻ.കെ ജോസിന്റെ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും കൈയ്യെഴുത്ത് പ്രതികളും ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ദളിത് ബന്ധു എൻ.കെ ജോസിന് ഒറ്റത്തവണ ഓണറേറിയമായി 2,00,000/- രൂപ അനുവദിക്കാൻ തീരുമാനിച്ചു. ഇതിനുള്ള ബജറ്റ് ശീർഷകം തീരുമാനിക്കാൻ ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 16

പി.എച്ച്.ഡി കോഴ്സ് വർക്ക് ചെയ്യുന്നതിനുള്ള അനുമതി - സംബന്ധിച്ച് (No. Acd.A1/7300/SSUS/2020)

23.01.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഗവേഷണ മാർഗ്ഗദർശി എന്ന നിലയിൽ ഉറുദു ഗവേഷണ പഠന

വിഭാഗം വകുപ്പ് മേധാവി ഡോ. അത്താവുള്ള ഖാന്റെ വീഴ്ചകളെ കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ.അത്താവുള്ള ഖാനെയും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടവരെയും കാലടിയിൽ സർവകലാശാല ആസ്ഥാനത്ത് അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ മുമ്പാകെ വിളിച്ചുവരുത്തുന്നതിന് തീരുമാനിച്ചു.

## Item No. 17

കേരള സാഹിത്യ അക്കാദമി ലൈബ്രറി ഗവേഷണ കേന്ദ്രമാക്കി കൊണ്ടുള്ള അംഗീകാരം നിലനിർത്തുന്നത് - സംബന്ധിച്ച്. [No. 00578/Acd.A2/SSUS/2022 (1)]

കേരള സാഹിത്യ അക്കാദമി ലൈബ്രറി ഒരു ഉന്നത അക്കാദമിക സ്ഥാപനം എന്ന നിലയ്ക്ക് അംഗീകരിച്ച് അവരുമായി സഹകരിച്ച് സർവകലാശാല വിദ്യാർത്ഥികൾക്ക് ഗവേഷണ സൗകര്യത്തിനായുള്ള ഗവേഷണ കേന്ദ്രമായി നിലനിർത്താനും ഇതു സംബന്ധിച്ച് കേരള സാഹിത്യ അക്കാദമിയുമായി കരാറിൽ ഏർപ്പെടാനും സർവകലാശാല സ്റ്റാറ്റ്യൂട്ട് അധ്യായം 2 ലെ 20 (h) പ്രകാരം ഇക്കാര്യത്തിന് രജിസ്ട്രാറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 18

Publication of the Book ‘Haindava Dharma Sudakaram’ – Request from M/s Ethos books and Publications to grant extension time and to sanction proportionate amount after delivery of each volumes – reg. (No. LGLS/4956/2009/SSUS)

പുനർനടപടികൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 19

സർവകലാശാലയിലേക്ക് വിവിധ ആവശ്യങ്ങൾക്കായി തെറ്റായി അടയ്ക്കുന്ന ഫീസ് തിരികെ നൽകുന്നത് - സംബന്ധിച്ച്. (No. Acd.C2/1622/SSUS/2021)

ഫിനാൻസ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 20

ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതികളുടെ ചെലവും ബജറ്റും സർവകലാശാല അനുവദിച്ച തുകയിൽ പരിമിതപ്പെടുത്തി ചെലവഴിക്കുന്നതിനുള്ള അനുമതി സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി നൽകിക്കൊണ്ട് ഉത്തരവായത് സിൻഡിക്കേറ്റ് സാധൂകരണത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. ISSS/6536/SSUS/2017)

ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതികളുടെ ചെലവും ബജറ്റും സർവകലാശാല അനുവദിച്ച തുകയിൽ പരിമിതപ്പെടുത്തി ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവായത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 21

വേൾഡ് ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് തുടങ്ങിയ external ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്നത് - സംബന്ധിച്ച്. [No. 00634/Pl.D1/SSUS/2022(1)]

പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിലേക്ക് കത്തെഴുതാൻ തീരുമാനിച്ചു.

## Item No. 22

UGC യുടെ Innovative Programme ൽ ഉൾപ്പെടുത്തി Computer Aided Language Teaching എന്ന പി.ജി. ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി ലഭിച്ച 19,20,000/- രൂപ വിനിയോഗിക്കാത്തത് - സംബന്ധിച്ച്. (No. 14051/Pl.D/A/SSUS/2010)

ശ്രദ്ധിച്ചു.

## Item No. 23

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ -ന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് രൂപീകരിച്ച അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടികൾ തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

ഡോ. കെ.സി. അതാവുള്ളാഖാന് ഷോക്കോസ് നോട്ടീസ് കൊടുക്കുവാനും എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അതിന് അവസരം നൽകുവാനും അതിന്റെ മറുപടി പരിശോധിച്ചശേഷം അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണെന്നും തീരുമാനിച്ചു. ഡോ. കെ.സി. അതാവുള്ളാഖാന്റെ സസ്പെൻഷൻ തുടരുവാനും അന്വേഷണ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിലെ മറ്റു ശിപാർശകൾ പരിശോധിക്കുന്നതിന് സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയെയും സ്റ്റുഡന്റ്സ് വെൽഫയർ സ്ഥിരം സമിതിയെയും ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 24

എം.എഫ്.എ. 2021 അഡ്മിഷൻ മുതൽ സ്പെഷ്യലൈസേഷൻ സബ്ജക്ട് പ്രത്യേകമായി ഉൾപ്പെടുത്തിയ ഗ്രേഡ് കാർഡുകൾ നൽകുന്നത് - സംബന്ധിച്ച്. (No. ED/9316/Miscellaneous/SSUS/2021)

എം.എഫ്.എ. 2021 അഡ്മിഷൻ മുതൽ സ്പെഷ്യലൈസേഷൻ സബ്ജക്ട് പ്രത്യേകമായി ഉൾപ്പെടുത്തിയ ഗ്രേഡ് കാർഡുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് ഉത്തരവായ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 25

ഐടി ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം - റീ നോട്ടിഫൈ ചെയ്യുന്നതിന് യോഗ്യതയിലും, വേതനത്തിലും മാറ്റം വരുത്തുന്നത് - സംബന്ധിച്ച്. (No. Ad.D/11944/SSUS/2021)

കരാർ അടിസ്ഥാനത്തിൽ ഐടി ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിന് നിഷ്കർഷിക്കുന്ന യോഗ്യത താഴെ പറയുന്ന രീതിയിൽ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചു.

1. MCA/M.Tech ബിരുദം.
2. Hardware/Software മേഖലയിൽ 5 വർഷത്തെ പ്രവൃത്തി പരിചയം. രണ്ട് മേഖലകളിലുമുള്ള പ്രവൃത്തി പരിചയം അഭിലഷണീയം.
3. സർവകലാശാലകൾ / മറ്റ് ഉന്നത വിദ്യാഭ്യാസ മേഖലകളിലുള്ള പ്രവൃത്തി പരിചയം.
4. സർക്കാർ/അർദ്ധ സർക്കാർ / സർവകലാശാലകൾ എന്നിവയിൽ നിന്നും സമാന തസ്തികയിൽ വിരമിച്ച മേൽപറഞ്ഞ യോഗ്യതയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.
5. <u>പ്രായം</u>

   സർക്കാർ നിബന്ധനകൾക്കനുസൃതം. സമാന തസ്തികയിൽ നിന്നും വിരമിച്ചവർക്ക് 60 വയസ്സ്.

ടി തസ്തികയുടെ വേതനം 75,000/- രൂപയാക്കി വർദ്ധിപ്പിക്കാനും വിദ്യാഭ്യാസ യോഗ്യത, കഴിവ്, പരിചയം, പ്രവർത്തന മികവ് എന്നിവയുടെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ പ്രവർത്തനം വിലയിരുത്തി, പിന്നീട് 1,00,000/- വരെ വർദ്ധിപ്പിക്കുന്നതാണെന്നും തീരുമാനിച്ചു.

## Item No. 26

പ്രബന്ധ സമർപ്പണാനുമതിയ്ക്കായി ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം ഫീസൊടുക്കി 6 മാസത്തേക്ക് കൂടി സമയം ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്. (No. Acd.A1/6490/SSUS/2013)

ഡാൻസ് ഗവേഷണ പഠന വകുപ്പിലെ ഡയറക്ട് പി.എച്ച്.ഡി 2013 അഡ്മിഷൻ ഫുൾ ടൈം ഗവേഷകയായ ദിവ്യ എസ്.-ന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 25,000/- രൂപ ഫീസൊടുക്കി ഒരു വർഷത്തേയ്ക്ക് കൂടി പ്രബന്ധ സമർപ്പണാനുമതിയ്ക്കായി സമയം ദീർഘിപ്പിച്ച് നൽകാൻ തീരുമാനിച്ചു.

## Item No. 27

വിദ്യാർത്ഥികൾക്ക് ആർത്തവാവധി, പ്രസവാവധി അനുവദിക്കുന്നത് - സംബന്ധിച്ച്. (No. Acd.C1/16073/SSUS/2019)

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർവകലാശാലകളിലെയും വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി അനുവദിക്കുവാനും അറ്റൻഡൻസിനുള്ള പരിധി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ 73 ശതമാനമായി നിശ്ചയിക്കാനും 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് 60 ദിവസം വരെ പ്രസവാവധി അനുവദിക്കാനുമുള്ള 19.01.2023 ലെ സ.ഉ.(കൈ) നം. 33/2023/HEDN നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവകലാശാല നിയമങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിന് തീരുമാനിച്ചു.

## Item No. 28

ശ്രീ. ശ്രീഗോപൻ ബി.എസ് - അനധികൃതമായി വകുപ്പിൽ ഹാജരാകാതിരിക്കുകയും അവധി അപേക്ഷ സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്

തുടർനടപടികൾ തീരുമാനിക്കുന്നതിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/19728/SSUS/2021)

റിപ്പോർട്ട് അംഗീകരിച്ചു. സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം കൂടി തേടിയതിനു ശേഷം ശിക്ഷാനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## Item No. 29

ശ്രീ. സതീഷ് കുമാർ കെ.എ. - അച്ചടക്ക നടപടി - സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം തുടർനടപടികൾ തീരുമാനിക്കുന്നതിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/2932/SSUS/2019)

The Syndicate considered the complete file records, representation dated 18.07.2021 of Sri. Satheesh Kumar K.A., together with the hearing note dated 22.08.2022, and arguments made before the Syndicate held on 12.10.2022 and resolved as below:-

In the disciplinary proceedings against Sri. Satheesh Kumar the misconducts committed by him was proved in the enquiry. The finding in the enquiry report was approved by Honourable High Court as per the judgement in WP(C) No. 21020/2016 and confirmed by the judgement in Writ Appeal No. 2164/2016. The judgement in CC No. 1277/2015 will show that the allegation against Satheesh Kumar in CC No. 1277/2015 is with respect to forgery of seal and documents but the disciplinary proceedings was with respect to misconduct committed by him as an employee of the University.

Therefore the request for withdrawal of the decision of the University taken as per the references (a) to (f) in the Ext. $P_{12}$ representation in WP(C)/22861/2022 of Sri. Satheesh Kumar K.A, is rejected.

The Syndicate further resolved to proceed with the enquiry and disciplinary action pending against Sri. Satheesh Kumar K.A.

This is in compliance of the judgement dated 22.07.2022 in WP(C) 22861/2022 of the Hon'ble High Court of Kerala.

## OUT OF AGENDA

### Item No. 1

2022 റെഗുലേഷൻ പ്രകാരമുള്ള ബി.എ. Odd Semester പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമാവലി - സംബന്ധിച്ച്. (No. 18398/E.C/SSUS/2022)

2022 റെഗുലേഷൻ പ്രകാരമുള്ള ബി.എ. Odd Semester പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമാവലി പരീക്ഷ സ്ഥിരം സമിതിയുടെ പരിശോധനയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

### Item No. 2

Award of Ph.D Degree

a) Smt. J. Ajitha Kumari in Hindi [No. EA/PhD/748/SSUS/2022(1)]
b) Smt. Anjumol Babu in Malayalam [No. EA/PhD/737/SSUS/2022(1)]
c) Sri. Anooj A.G. in History [No. EA/PhD/731/SSUS/2022]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| 1. | Smt. J. Ajitha Kumari | Faculty of Indian Languages | 01.02.2023 |
| 2. | Smt. Anjumol Babu | Faculty of Indian Languages | 23.01.2023 |
| 3. | Sri. Anooj A.G. | Faculty of Arts and Social Sciences | 31.01.2023 |

1. Smt. J. Ajitha Kumari in Hindi under the Faculty of Indian Languages for the Ph.D thesis titled **“Vaishweekaran ke Dour kee Hindi aur Malayalam Kahaniyon ka Tulnatmak Adhyayn”** under the guidance of Dr. K. Sreelatha, Professor, Department of Hindi, SSUS, Kalady.

2. Smt. Anjumol Babu in Malayalam under the Faculty of Indian Languages for the Ph.D thesis titled **“നിഘണ്ടു: പ്രതിനിധാനം, വിനിമയം, ആധുനികീകരണം - ഗുണ്ടർട്ട് നിഘണ്ടുവും ശബ്ദതാരാവലിയും ആധാരമാക്കിയുള്ള പഠനം”** under the guidance of Dr. Dileepkumar K.V. Retd. Professor, Department of Malayalam, SSUS, Kalady.

3. Sri. Anooj A.G in History under the Faculty of Arts and Social Sciences for the Ph.D thesis titled **“Policing ‘Native’ Cochin : Imperial Information Designs and Regional Networks”** under the guidance of Dr. N.J. Francis, Professor, Department of History.

## Item No. 3

സർവകലാശാലയിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാണിച്ചു കൊണ്ട് സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച നിവേദനം പരിഗണിച്ച് സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി നേരിട്ട് ബോദ്ധ്യപ്പെടുത്തി നോൺപ്ലാൻ ഗ്രാന്റിലെ കുറവ് ശ്രദ്ധയിൽ പെടുത്താനും ഈ സാമ്പത്തിക വർഷത്തെ സർക്കാർ ഗ്രാന്റ് മാർച്ച് 31 ന് മുമ്പ് പൂർണ്ണമായും ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാനും ബഹു. മുഖ്യമന്ത്രിയേയും, ധനകാര്യ മന്ത്രിയേയും നേരിൽ കാണുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രൊഫ. ഡി. സലീംകുമാറിനെ ചുമതലപ്പെടുത്തി.

## Item No. 4

കാലടി മുഖ്യകേന്ദ്രത്തിലെ ഭരതനാട്യം, മോഹിനിയാട്ടം വകുപ്പുകളിൽ ഡോ. മേതിൽ ദേവിക – യേയും, ജ്യോഗ്രഫി വകുപ്പിൽ ഡോ. ഡി. നന്ദകുമാർ-നെയും അഡ്ജൻക്റ്റ് ഫാക്കൽറ്റിയായി പുന:നിയമനം നൽകണമെന്ന വകുപ്പ് മേധാവികളുടെ അപേക്ഷകൾ പരിഗണിക്കണമോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. Ad.A2/937/SSUS/2023)

കാലടി മുഖ്യകേന്ദ്രത്തിലെ ഭരതനാട്യം, മോഹിനിയാട്ടം വകുപ്പുകളിൽ ഡോ. മേതിൽ ദേവിക – യേയും, ജ്യോഗ്രഫി വകുപ്പിൽ ഡോ. ഡി. നന്ദകുമാർ-നെയും അഡ്ജൻക്റ്റ് ഫാക്കൽറ്റിയായി പുന:നിയമനം നൽകുന്നതിന് തീരുമാനിച്ചു.

## Item No. 5

CAS പ്രമോഷന് പരിഗണിക്കേണ്ടത് അപേക്ഷാ തീയതി അല്ലെന്നും എലിജിബിലിറ്റി തീയതിയാണെന്നും നിർദേശിക്കാൻ തീരുമാനിച്ചു.

## Item No. 6

ബി.എ. സിലബസ്സ് 2022 മായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ പരാതികളും, ആക്ഷേപങ്ങളും കേൾക്കുന്നതിനും ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനും പ്രൊഫ. ഡി. സലിംകുമാർ (കൺവീനർ), ഡോ. പി.വി. രാമൻകുട്ടി, ഡോ. എം. മണിമോഹനൻ, പ്രൊഫ. എസ്. മോഹൻദാസ്, ഡോ. ആർ. ശശിധരൻ എന്നീ സിൻഡിക്കേറ്റംഗങ്ങളടങ്ങുന്ന കമ്മറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം വർഷ ബി.എ. പരീക്ഷകൾ (ഇന്റേണൽ/എക്സ്റ്റേണൽ) തൽക്കാലം മാറ്റിവെക്കാൻ തീരുമാനിച്ചു.

## Item No. 7

കേന്ദ്ര സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന അമൃത് യുവ കലോത്സവ് അവാർഡ് ഫെസ്റ്റിവൽ സംസ്കൃത സർവകലാശാലയുടെ സഹകരണത്തോടെ

2023 മാർച്ച് 2, 3, 4 തീയതികളിലായി സംസ്കൃത സർവകലാശാല കാലടി മുഖ്യകേന്ദ്രത്തിൽ വച്ച് നടത്തണമെന്ന നിർദ്ദേശം അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 8

സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ രൂപീകരിക്കപ്പെട്ട സിൻഡിക്കേറ്റ് ഉപസമിതി തയ്യാറാക്കിയ പ്രായോഗിക നിർദ്ദേശങ്ങൾ പഠിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിക്കാൻ തീരുമാനിച്ചു.

## Item No. 9

സിൻഡിക്കേറ്റ് സ്ഥിരം സമിതി യോഗങ്ങൾ മാസത്തിൽ ഒരു തവണയെങ്കിലും കൂടുന്ന രീതിയിൽ ഷെഡ്യൂൾ തയ്യാറാക്കാൻ സിൻഡിക്കേറ്റ് സെക്ഷനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 10

സിൻഡിക്കേറ്റ് അംഗങ്ങളുടെ പ്രാദേശിക കേന്ദ്രങ്ങളിലെ സന്ദർശനത്തിന്റെ ഷെഡ്യൂൾ തയ്യാറാക്കുന്നതിന് സിൻഡിക്കേറ്റ് സെക്ഷനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. സന്ദർശനം മാർച്ച് മാസത്തിനകം തീർക്കണമെന്നും നിർദ്ദേശിച്ചു.

യോഗം 5.00 pm ന് അവസാനിച്ചു.

**ഒപ്പ്** | **ഒപ്പ്**

**രജിസ്ട്രാർ** | **വൈസ് ചാൻസലർ**